(5) സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ ബാങ്കുകൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. എം. വി. ജയരാജൻ: സർ, സർക്കാർ നയംമൂലം സംസ്ഥാനത്തെ 1628 പ്രാഥമിക കാർഷിക വായ്പാ സഹകരണ ബാങ്കുകൾ ഗുരുതരമായ പ്രതിസന്ധിയിലാണ്. 70% ബാങ്കുകളും ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. സംസ്ഥാനത്തെ സഹകരണ ബാങ്കുകളുടെ പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 400 കോടി രൂപയും നഷ്ടം 388 കോടി രൂപയുമാണ്. ഇതിൽനിന്ന് സംഘങ്ങളുടെ സ്ഥിതി വ്യക്തമാകുന്നതാണ്. വർക്കിംഗ് ക്യാപ്പിറ്റൽ 11,000 കോടി രൂപ, ഡെപ്പോസിറ്റ് 9,000 കോടി രൂപ. സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ നിക്ഷേപമായി ലഭിക്കുന്ന തുക മുഴുവൻ ജനങ്ങൾക്ക് വായ്പയായി നൽകുകയും ജനങ്ങളുടെ രക്ഷയ്ക്കും നാടിന്റെ വികസനത്തിനുംവേണ്ടി നല്ല നിലയിൽ പ്രവർത്തിക്കുകയും ചെയ്യുകയാണ്. വായ്പാ കുടിശ്ശിക ഇപ്പോൾ വർദ്ധിച്ചുവരികയാണ്. വായ്പ തിരിച്ചടയ്ക്കേണ്ടതില്ലായെന്ന മനോഭാവം നാട്ടിൽ വർദ്ധിച്ചുവരികയാണ്. 2001-ൽ എൻ.പി.എ. 26% ആയിരുന്നത് ഇപ്പോൾ 36% ആയി വർദ്ധിച്ചിരിക്കുകയാണ്. സർക്കാർ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ സഹകരണ ബാങ്കുകൾ നടപ്പിലാക്കുന്നു. അതുമൂലം വലിയ സാമ്പത്തിക ബാദ്ധ്യത സഹകരണ ബാങ്കുകൾ ഏറ്റെടുക്കേണ്ടി വരികയാണ്. കാർഷിക കടാശ്വാസ പദ്ധതി നടപ്പിലാക്കിയതുമൂലം 168 കോടി രൂപ സർക്കാരിൽനിന്ന് ഈ ബാങ്കുകൾക്ക് കിട്ടാനുണ്ട്. വൺ ടൈം സെറ്റിൽമെന്റ് പദ്ധതി നടപ്പിലാക്കുന്നതുമൂലവും ഈ ബാങ്കുകൾക്ക് സാമ്പത്തിക ബാദ്ധ്യത ഉണ്ട്. അതിൽ ഒരു പങ്ക് സർക്കാരും അതുപോലെ ജില്ലാ സംസ്ഥാന സഹകരണ ബാങ്കുകളും ഏറ്റെടുക്കണം. ഇപ്പോൾ മുഴുവൻ ബാദ്ധ്യതയും പ്രാഥമിക സഹകരണ ബാങ്കുകളുടെ മേൽ ഏല്പിച്ചിരിക്കുകയാണ്. ജില്ലാ ബാങ്കിൽനിന്ന് ഉയർന്ന പലിശയ്ക്ക് വായ്പ എടുത്തുകൊണ്ടാണ് പ്രാഥമിക ബാങ്കുകൾ കടം കൊടുക്കുന്നത്. അതുകൊണ്ട് വിഹിതം പൂർണ്ണമായും മേൽത്തട്ട് ബാങ്കുകൾ വഹിക്കണമെന്ന് പറയുന്നില്ല. ഒരു വിഹിതമെങ്കിലും മേൽത്തട്ട് ബാങ്കുകൾ വഹിച്ചുകൊണ്ട് പ്രാഥമിക ബാങ്കുകളെ സഹായിക്കണം. മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം പ്രവർത്തന പരിധി കണക്കിലെടുക്കാതെ സമാന സ്വഭാവമുള്ള സംഘങ്ങൾക്ക് വ്യാപകമായി അനുവാദം കൊടുത്തുവരികയാണ്. അത് നിലവിലുള്ള സംഘങ്ങളെ പ്രതികൂലമായി ബാധിക്കുകയാണ്. ബാങ്കിംഗ് മേഖലയിൽ ഇപ്പോൾ ആശാസ്യകരമല്ലാത്ത മത്സരം നടക്കുന്നു. ഇതെല്ലാം ചേർന്ന് പ്രാഥമിക സംഘങ്ങൾ ഗുരുതരമായ പ്രതിസന്ധിയിൽ അകപ്പെടുകയാണ്. സാമൂഹ്യ പ്രതിബദ്ധതയോടുകൂടി പ്രവർത്തിക്കുന്നതാണ് പ്രാഥമിക ബാങ്കുകൾ. ഇപ്പോൾ വൈദ്യനാഥൻ കമ്മിറ്റിയുടെ റിപ്പോർട്ട് വന്നതുമൂലവും ആശങ്കയുണ്ട്. പതിനെട്ടോളം സംസ്ഥാനങ്ങൾ കേന്ദ്ര ഗവൺമെന്റുമായി എം.ഒ.യു. ഒപ്പുവച്ചിട്ടുണ്ട്. നബാർഡിന്റെ സാമ്പത്തിക സഹായം നമ്മുടെ സംസ്ഥാനത്തിന് നഷ്ടമാകുമെന്നുള്ള ആശങ്കയും സഹകരണ മേഖലയിലുണ്ട്. ജീവനക്കാരാണെങ്കിൽ കഴിഞ്ഞ പത്താം തീയതി അവരുടെ ജീവൽപ്രധാന ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള സമരം സംഘടിപ്പിച്ച് പണിമുടക്കുകയുണ്ടായി. ഇന്ന് പ്രാഥമിക സഹകരണ ബാങ്കുകളുടെ എല്ലാ വിഭാഗത്തിലുംപെട്ട സഹകാരികൾ സെക്രട്ടേറിയറ്റിലേക്ക് മാർച്ച്

LIBRARY ARCHIVES Kerala Legislative Assembly

നടത്തുകയാണ്. കേരളത്തിലെ സഹകരണ മേഖലയെ രക്ഷിക്കാൻ ഉന്നതതല സഹകാരികളുടെ ഒരു സമ്മേളനം വിളിച്ചുചേർത്ത് പരിഹാരമുണ്ടാക്കാൻ കഴിയണം. 70 ശതമാനത്തോളം പ്രാഥമിക സഹകരണ ബാങ്കുകൾ നഷ്ടത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ് എന്നത് അങ്ങേയറ്റം ഗൗരവത്തോടെ കാണേണ്ട കാര്യമാണ്. സർക്കാർ ഇതു സംബന്ധിച്ച് ഗൗരവമായ പരിഹാര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതും 1628 കാർഷിക വായ്പാ സഹകരണ സംഘങ്ങളുള്ളതിൽ 740 എണ്ണം ലാഭത്തിലും 888 എണ്ണം നഷ്ടത്തിലുമാണ് പ്രവർത്തിക്കുന്നതെന്നാണ്. 54 ശതമാനമാണ് കൃത്യമായ കണക്ക്. ഇപ്പോൾ ഉണ്ടായതല്ല. വൺ ടൈം സെറ്റിൽമെന്റ് വരുന്നതിനുമുമ്പ് തന്നെ ഇത് ഉണ്ട്. വൺ ടൈം സെറ്റിൽമെന്റ് കൊണ്ടുവരുന്നത് പിഴപ്പലിശ ഒഴിവാക്കാനാണ്. ഡോക്യുമെന്റ് റേറ്റോ ഇപ്പോഴത്തെ റേറ്റോ ഏതാണ് ചുരുങ്ങിയത് അത് കൊടുത്താൽ മതി. അതുപോലെതന്നെ പ്രാഥമിക സർവ്വീസ് ബാങ്കുകൾക്ക് പിഴപ്പലിശ കൊണ്ട് നിലനിൽക്കാൻ കഴിയുമോ? ചർച്ച ചെയ്യുന്നത് നല്ലതാണ്. പിഴപ്പലിശ വാങ്ങിയിട്ടാണോ നിലനിൽക്കേണ്ടതെന്ന് നമ്മൾ ആലോചിക്കണം. എന്റെ അഭിപ്രായം മാത്രമല്ല, ഗവൺമെന്റിന്റെ അന്വേഷണത്തിൽ മനസ്സിലായത് വൺ ടൈം സെറ്റിൽമെന്റല്ല, നമ്മുടെ ശമ്പളം കൂടിക്കൊണ്ടിരിക്കുകയാണ്. എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് കൂടിക്കൊണ്ടിരിക്കുകയാണ്. അതാണ് ഈ നഷ്ടം. അതൊന്ന് പരിശോധിക്കണം. ഒരു ഭാഗത്ത് നമ്മൾ ശമ്പളം കൂട്ടാൻ പ്രക്ഷോഭം നടത്തുന്നു. ശമ്പളം കൂടി, അത് നടപ്പിൽ വരുത്താൻ കഴിയുന്നില്ല. സെക്ഷൻ 80 അനുസരിച്ച് ഒരു ബാദ്ധ്യത ഗവൺമെന്റിന്റെ തലയിൽ കെട്ടിവച്ചിരിക്കുകയാണ്. ഇപ്പോൾ ജില്ലാ ബാങ്കെടുത്താൽ വയനാട് ജില്ലാ ബാങ്ക്, കാസർഗോഡ് ജില്ലാ ബാങ്ക്, അതിന്റെ കൂട്ടത്തിൽ എറണാകുളം ജില്ലാ ബാങ്ക്, തിരുവനന്തപുരം ജില്ലാ ബാങ്ക് ആയിരം കോടി രൂപയിലധികം ഡെപ്പോസിറ്റുള്ള ബാങ്കുകളും ഇരുന്നൂറോ, നൂറ്റിഅൻപതോ കോടി രൂപ ഡെപ്പോസിറ്റുള്ള അതായത് പ്രാഥമിക സർവ്വീസ് ബാങ്കിന്റെ അത്രമാത്രം ഡെപ്പോസിറ്റുള്ള ബാങ്കുകളും എന്ന സ്ഥിതി വന്നാൽ അത് താരതമ്യപ്പെടുത്തി അവർക്കെല്ലാം ഒരു ശമ്പളമാണ് നിശ്ചയിക്കുന്നത്. പക്ഷെ ശമ്പളക്കമ്മീഷൻ റിപ്പോർട്ട് ഗവൺമെന്റ് പാസ്സാക്കുമ്പോൾ ഗവൺമെന്റ് എഴുതും ലാഭകരമായി പ്രവർത്തിക്കുന്നവർ കൊടുത്താൽ മതിയെന്ന്. ഏതെങ്കിലും ജീവനക്കാരൻ വിടുമോ? ഇതെല്ലാം കൊടുക്കാം, ഞാനിപ്പോൾ ഡിസ്ട്രിക്ട് ബാങ്കിന്റെ എക്സാമ്പിൾ പറഞ്ഞത് 100 കോടി രൂപയും 150 കോടി രൂപയും ഡെപ്പോസിറ്റുള്ള പ്രൈമറി ബാങ്കുകൾ നമ്മുടെ നാട്ടിലുണ്ട്. 5 കോടി രൂപയും 2 കോടി രൂപയും ഡെപ്പോസിററുള്ള ബാങ്കുകളും ഉണ്ട്. ഇവയെല്ലാം ശമ്പളം നിശ്ചയിക്കുന്നത് ഒരുപോലെയാണ്. അല്ലെങ്കിൽ വേറെ സമരമായിരിക്കും. അതുകൊണ്ട് ശമ്പളവും എസ്റ്റാബ്ലിഷ്മെന്റും കൂടിക്കൊണ്ടിരിക്കുകയാണ്. ശമ്പളം മാത്രമല്ല ഞാൻ പറയുന്നത് മറ്റ് ചെലവുകൾ ബോർഡിന്റെ ചെലവ്, അതും നമ്മളൊന്ന് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട് എന്നാണ് പറയാനുള്ളത്. ഗവൺമെന്റ് കാർഷിക കടാശ്വാസത്തിന്റെ പൈസ ഏതാണ്ട് കൊടുത്തിരിക്കുന്നു. കൊടുക്കാനില്ല എന്നല്ല ഞാൻ പറയുന്നത് ഒരു കൊല്ലത്തെ മോറട്ടോറിയം

LIBRARY ARCHIVES Kerala Legislative Assembly

പ്രഖ്യാപിച്ചിട്ടുണ്ട്. കഴിഞ്ഞ പ്രാവശ്യം ആ മോറട്ടോറിയത്തിന്റേയും വയനാട് പാക്കേജിന്റേയും കൂടി 156 കോടി ഉറുപ്പിക ഗവൺമെന്റ് കൊടുത്തുതീർക്കാനുണ്ട്. അത് കഴിയുന്നതും വേഗം കൊടുക്കാമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. ഏതാണ്ട് ഒരു മാസം കൊണ്ട് കൊടുത്തുതീർക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. അതുപോലെ വേറൊരു കണക്ക് ഞാൻ പറയാം. 1488 കോടി രൂപ വൺ ടൈം സെറ്റിൽമെന്റ് കൊണ്ട് പിരിഞ്ഞു കിട്ടിയിട്ടുണ്ട്. ഇത് പിരിഞ്ഞുകിട്ടിയില്ലായിരുന്നുവെങ്കിൽ ഈ 1488 കോടി രൂപ റിസർവിൽ വയ്ക്കാൻ ആഡിറ്റർ നിർബന്ധിക്കും. അങ്ങനെ റിസർവിൽക്കൂടി വച്ചിട്ടുണ്ടെങ്കിൽ സ്ഥിതി ഇതിനേക്കാൾ ഭീതിജനകമാകും. അതുകൊണ്ട് വൺടൈം സെറ്റിൽമെന്റ് കൊണ്ട് ഓവർഡ്യൂ പിരിച്ചെടുക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. പിന്നെ ബാങ്കിന്റെ പേര് PACS, അതായത് പ്രൈമറി അഗ്രികൾച്ചർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നാണ്. കൃഷിക്കാർക്ക് കടം കൊടുക്കാനാണ്. നമ്മൾ എല്ലാപേരും ആലോചിക്കണം. ഞാൻതന്നെ ഈ കണക്കെഴുതി കിട്ടിയപ്പോൾ ഞെട്ടിപ്പോയി. 1628-ൽ 600 സർവ്വീസ് ബാങ്കുകൾ കാർഷിക കടം കൊടുക്കുന്നില്ല. എന്തിന് വേണ്ടിയിട്ടാണ് ഉണ്ടാക്കിയിട്ടുള്ളത് അതിന് കടം കൊടുക്കുന്നില്ല. കാർഷിക കടത്തിന് പലിശ കുറവാണ്. അതുകൊണ്ട് കൊടുക്കുന്നില്ല. അതാണ് പറഞ്ഞത് എനിക്കുതന്നെ ഈ കണക്ക് ആദ്യം വിശ്വസിക്കാൻ കഴിഞ്ഞില്ല. ആ സ്ഥിതിയിൽ എത്തിയിട്ടുണ്ട്. ഇതും നമ്മൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതിന് കുഴപ്പമൊന്നുമില്ല. നീതി ഗ്യാസിനെക്കുറിച്ച് ഇതിൽ പറഞ്ഞിട്ടുണ്ട്. നീതി ഗ്യാസിന് 12 കോടി 50 ലക്ഷം രൂപ നഷ്ടമാണ്. ഇപ്പോൾത്തന്നെ 128 രൂപ നഷ്ടത്തിലാണ് കൊടുക്കുന്നത്. ശ്രീ. ജയരാജന് ഇതിന്റെ കാര്യങ്ങളെക്കുറിച്ച് അറിയാമല്ലോ, ഇതെങ്ങനെവന്നു എന്ന് ഞാൻ പറഞ്ഞുതരേണ്ട കാര്യമില്ലല്ലോ. പ്രതിസന്ധിയുണ്ട്, ഇതിനേക്കാൾ വലിയ പ്രതിസന്ധി വരാൻ പോകുകയാണ്. 19,000 കോടി രൂപ ഇപ്പോൾ ഡെപ്പോസിറ്റ് ഉണ്ട്. പ്രതിസന്ധിയുണ്ട്. അതിൽ പ്രധാനമായും പ്രൈമറി ബാങ്കുകളുടെ ഡെപ്പോസിറ്റാണ്. വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ടിനെപ്പറ്റി പറഞ്ഞു. അതിൽ പറയുന്നു ബാങ്ക്, ബാങ്കർ, ബാങ്കിംഗ് ഇതിനേക്കുറിച്ചൊന്നും ഇനി മിണ്ടാൻ പാടില്ല. ഈ സർവ്വീസ് ബാങ്കുകളുടെ പേര് മുഴുവൻ മാറ്റണം. ഇന്ന് ഇൻഡ്യയിൽ ഒരു സ്റ്റേറ്റിലും ഇല്ലാത്ത പ്രതിസന്ധിയാണ് നമുക്കുള്ളത്. ഇൻഡ്യയിൽ നബാർഡിന്റെ റീ-ഫിനാൻസിംഗ് കിട്ടുന്നതിനനുസരിച്ച് കാർഷിക കടം കൊടുക്കുന്ന പരിപാടിയേ മിക്കവാറുമുള്ളൂ. ഇവിടെയാണ് നമ്മൾ നമ്മുടേതായിട്ടുള്ള ഫണ്ട്, നമ്മൾ ശേഖരിക്കുന്ന ഡെപ്പോസിറ്റുകൊണ്ട് മറ്റ് കടങ്ങൾ കൊടുക്കുന്നത്, ബാങ്ക് ബിസിനസ് നടത്തുന്നത്. വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുകയാണെങ്കിൽ കേരളത്തിലെ സർവ്വീസ് ബാങ്കുകൾ തകരുമെന്ന് മാത്രമല്ല, പൂട്ടേണ്ടിയുംവരും. അതാണ് ഗവൺമെന്റ് അത് അംഗീകരിക്കാത്തത്. അതു സംബന്ധിച്ച ഭിന്നാഭിപ്രായത്തെക്കുറിച്ച് മുഖ്യമന്ത്രി കേന്ദ്ര സർക്കാരിന് കത്തെഴുതിയിട്ടുണ്ട്. അതാണ് അതു സംബന്ധിച്ച് പറയാനുള്ളത്. . സമ്മേളനം വിളിച്ചുകൂട്ടി ചർച്ച ചെയ്യുന്നതിന് ഗവൺമെന്റ് തയ്യാറാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിന്റെ കൂടെ ഇതുകൂടി പറയുകയാണ്. വയനാട് പാക്കേജിന്റേതടക്കമുള്ള തുക ഈ മാസം തന്നെ കൊടുക്കുമെന്ന് പറഞ്ഞു, അത്

LIBRARY ARCHIVES Kerala Legislative Assembly

വെള്ളിയാഴ്ച അറിയാമെന്നും പറഞ്ഞു, പക്ഷെ ബഡ്ജറ്റ് അവതരിപ്പിച്ചശേഷവും ചിലയാളുകൾ പത്രത്തിലും ന്യൂസിലുമെല്ലാം കൂടി ബഡ്ജറ്റിൽ അതിന് പ്രൊവിഷനില്ല എന്നുപറഞ്ഞു, പക്ഷെ 28-ാം തീയതി ഇവിടെത്തന്നെ സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സിൽ 140 കോടി രൂപ ഇതിനുവേണ്ടി പ്രത്യേകം വക കൊള്ളിച്ചിട്ടുണ്ട്. അത് വെള്ളിയാഴ്ച പ്രസന്റ് ചെയ്യുമെന്ന് ഞാൻ പറഞ്ഞത് അതാണ്. സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ്സിൽ അതുണ്ട്.

(6) നെടുമങ്ങാട്, വെള്ളനാട് കെ.എസ്.ആർ.ടി.സി. ഡിപ്പോകളുടെ പ്രശ്നങ്ങൾ

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : സർ, പൂർണ്ണമായും ദേശസാൽക്കരിക്കപ്പെട്ട നെടുമങ്ങാട് താലൂക്കിലെ രണ്ട് പ്രധാനപ്പെട്ട ഡിപ്പോകളാണ് നെടുമങ്ങാടും വെള്ളനാടുമുള്ള കെ.എസ്.ആർ.ടി.സി. ഡിപ്പോകൾ. രണ്ട് ഡിപ്പോകളും
11-00 A.M.] എന്റെ നിയോജകമണ്ഡലത്തിലാണ്. നിരവധി പ്രശ്നങ്ങളാണ് ഈ ഡിപ്പോകൾ അഭിമുഖീകരിക്കുന്നത്. നെടുമങ്ങാട് ഡിപ്പോയിൽ 71 ബസുകൾ അനുവദിച്ചിട്ടുള്ളതിൽ 16 എണ്ണവും കട്ടപ്പുറത്താണ്. ഇതിന്റെ ഫലമായി ദിവസവും എട്ടും പത്തും ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുന്നു. സ്കൂളുകളിലേക്ക് ദിവസവും രാവിലെ കുട്ടികൾക്ക് പോകാനും നിരവധി ഓഫീസുകളിലേക്ക് ജീവനക്കാർക്ക് പോകാനും കഴിയാത്തതുമൂലം ദിവസവും രാവിലെ എന്നെപ്പോലെയുള്ള ജനപ്രതിനിധികളെ ടെലിഫോണിലൂടെ വിളിച്ച് ബസ് വരുന്നില്ലെന്ന് ജനം പറയുകയാണ്. അതുപോലെ വെള്ളനാട് ഡിപ്പോയിലെ 15 ബസുകളാണ് കട്ടപ്പുറത്തിരിക്കുന്നത്. ഈ രണ്ട് ഡിപ്പോകളിലും ആവശ്യമായിട്ടുള്ള സ്പെയർ പാർട്സുകളില്ല. ഉള്ള റോഡുകൾ മുഴുവൻ പൊട്ടിപ്പൊളിഞ്ഞു കിടക്കുകയാണ്. രണ്ട് ഡിപ്പോകളിലും ദീർഘദൂര സർവ്വീസുകൾ ഓരോന്നായി കുറച്ചുകൊണ്ടിരിക്കുകയാണ്. ഏറ്റവും കൂടുതൽ കളക്ഷനുള്ള വെള്ളനാട് ഡിപ്പോയിൽ നിന്ന് തൃശൂർ, ചക്കുളത്തുകാവ് എന്നിവിടങ്ങളിലേക്ക് ദീർഘദൂര സർവ്വീസുകൾ ആരംഭിക്കണമെന്ന് നിരവധി തവണ ആവശ്യപ്പെട്ടെങ്കിലും അത് ആരംഭിക്കുന്നതിന് തയ്യാറായിട്ടില്ല. ഏറ്റവും കുറഞ്ഞത് പുതിയ അഞ്ച് ബസുകൾ വീതം ഈ ഡിപ്പോകൾക്ക് അനുവദിക്കാൻ തയ്യാറാകണം. കഴിഞ്ഞ നിയമസഭാ സമ്മേളനകാലത്ത് ഞാൻ ആവശ്യപ്പെട്ടതനുസരിച്ച് അങ്ങ് ഉടനെതന്നെ ബന്ധപ്പെട്ടവരുടെ ഉന്നതതല യോഗം വിളിച്ചുചേർക്കുമെന്ന് പറഞ്ഞിരുന്നു. ഒരാഴ്ചയ്ക്കകം രണ്ട് ഡിപ്പോകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്ത് അവിടത്തെ പ്രശ്നങ്ങൾക്ക് അടിയന്തിര പരിഹാരം ഉണ്ടാക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ) : സർ, ശ്രീ. മാങ്കോട് രാധാകൃഷ്ണൻ പറഞ്ഞത് പൂർണ്ണമായും ശരിയല്ല. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം, കഴിഞ്ഞ ഒന്നേകാൽ വർഷത്തിനിടയ്ക്ക് നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ 12 പുതിയ ഷെഡ്യൂളുകൾ അനുവദിച്ചിട്ടുണ്ട്. നെടുമങ്ങാട് താലൂക്കിൽ ഉൾപ്പെടുന്ന വെഞ്ഞാറമൂട്, ആര്യനാട്, വിതുര തുടങ്ങിയ ഡിപ്പോകളിലും പുതിയ ഷെഡ്യൂളുകൾ അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ച് മാസത്തിനിടയ്ക്ക് സാമ്പത്തിക ബുദ്ധിമുട്ടുകാരണം

LIBRARY ARCHIVES Kerala Legislative Assembly